# JOURNAL OF dbct

## Biannual Peer reviewed Multidisciplinary Journal

*Patrons*

**Sri. N. Vasu**
President, Travancore Devaswom Board

**Sri. K.S. Ravi**
Member, Travancore Devaswom Board

**Sri. P.M.Thankappan**
Member, Travancore Devaswom Board

**Smt. S. Gayathri Devi**
Secretary, Travancore Devaswom Board

*Managing Editor*
**Dr. R. Anitha**
Principal
D.B. College, Thalayolaparambu

*Advisory Board*
**Dr. Yeldho Mathai. K.M.**
Laboratory Assistant
Maxxam Laboratories Inc.
Canada

**Dr. Rani Joseph**
Department of Polymer Science and Rubber Technology, Cochin University of Science and Technology, Cochin- 682 022

**Dr. S. Krishnakumar**
Director (Rtd) of Ocean Engineering & UW Technology,Kerala University of Fisheries &Ocean Studies,Kochi -682506

**Dr. H. Ramakrishnaiah.**
Head, Dept. of Biotechnology,
Government Science College,
Bangalore – 560001

**Dr. C.A. Geetha**
Associate Professor (Rtd.)
PG and Research Department of Commerce
Cochin College, Cochin – 2

**Dr. M.K. Muraleedharan Nair**
Special Grade Principal (Rtd.)
GovernmentBrennen College
Thalassery, Kannur.

*Chief Editor*
**Dr. Ambika A. Nair**

*Editors*
**Dr. V.R. Sarika**
**Dr. Hari Narayanan G.**
**Dr. Nisha A.**
**Dr. Kala V.**
**Prof. Girija G.**
**Dr. Vijayakumar M**
**Dr. Ganeshchandra Prabhu**

*Sub Editors*
**Dr.Maya P. Nair**
**Prof. Indu K.S.**

Volume 7 (2), September2020

ISSN: 2348 - 7984

# JOURNAL OF dbct

Biannual Peer reviewed Multidisciplinary Journal



Devaswom Board College, Thalayolaparambu

# Content


1. **Synthesis and Characterization of Pure and Doped $SnO_2$ Nanopowder**

   *Ganeshchandra Prabhu V, Keerthana Gopinath, Aswini Surendran T.V* ....... 3-10

2. **Religion A Political Instrument In Aziz's The Queue**

   *Jishnu Prasad* ........ 11-16

3. **मंगलेश डबराल का काव्य-संसार**

   *Praneetha K* ........ 17-27

4. संस्कृतकाव्यसाहित्ये स्वामिविवेकानन्दः

   *Sherin PS* ........ 28-32

5. മച്ചാട്ടെളയത് - തിരുവാതിരപ്പാട്ടിലെ പുരുഷപ്രഭാവം

   *Manju V* ........ 33-43

6. സ്ത്രൈണ അപനിർമാണം മീരയുടെ കഥകളിൽ

   *Sheharban U H* ........ 44-50

7. പ്രദേശവും ജാതിസ്വത്വബോധവും തൊണ്ടിമുതലും ദൃക്സാക്ഷിയിലും

   *Sonimon P.S.* ........ 51-56

8. യോഗശാസ്ത്രവും ആയുർവേദവും ദൈനംദിന ജീവിതത്തിൽ

   *Pooja P. Balasundaram* ........ 57-64

9. ഈഴവരുടെ വിദ്യാഭ്യാസ, തൊഴിൽ അവകാശസമരങ്ങൾ - സി. കേശവന്റെ ജീവിതസമരത്തെ ആസ്പദമാക്കി ഒരു പഠനം.

   *Jomol Jose* ........ 65-84

10. മൃത്യുബോധ്യം -ക്രൈം നാടകത്തിൽ

   *Sreedevi N S* ........ 79-88

ISSN 2348-7984

# ഈഴവരുടെ വിദ്യാഭ്യാസ, തൊഴിൽ അവകാശസമരങ്ങൾ - സി. കേശവന്റെ ജീവിതസമരത്തെ ആസ്പദമാക്കി ഒരു പഠനം.

**Jomol Jose**

Department of Malayalam, St. Aloysius College, Edathuva – 689 573
*j7m4purackal@gmail.com*

കേരളത്തിലെ തദ്ദേശീയദ്രാവിഡരിൽ ആര്യസംസ്കാരവും ദ്രാവിഡ സംസ്കാരവും ബുദ്ധമതസംസ്കാരവും സമന്വയിച്ച സമൂഹമാണ് ഈഴവർ. ചാതുർവർണ്യ വ്യവസ്ഥയനുസരിച്ച് നാലുവർണങ്ങൾക്കും പഞ്ചമർക്കും മദ്ധ്യേ നിൽക്കുന്ന സ്വതന്ത്ര വിഭാഗമാണിത്. ബുദ്ധമത സ്വാധീനത്താൽ വൈദ്യപാണ്ഡിത്യവും ആര്യപ്രഭാവത്താൽ സംസ്കൃതവിദ്യാഭ്യാസവും ദ്രാവിഡപ്രഭാവത്താൽ വിവിധതൊഴി ലുകളിൽ സാമർത്ഥ്യവും ഈ സമുദായം നേടിയിരുന്നു. ഈഴവരും തീയരും സിലോണിൽ നിന്നും കുടിയേറിപ്പാർത്ത ചാന്നാന്മാരുടെ പിൻഗാമികളാണെന്ന് കാൽഡ്വൽ ഉറപ്പിച്ചു പറയുന്നു. നെടും ചേരലാതന്റെ കാലത്ത് (ബി.സി. നാലാം നൂറ്റാണ്ട്) ലങ്കയിൽ നിന്നും ധർമ്മശാസനനെന്ന ബുദ്ധഭിക്ഷുവിന്റെ കൂടെ മതപ്രചരണാർത്ഥം വന്ന സിംഹളരുടെ സന്താനങ്ങളായിരിക്കാം ഈഴവരെന്ന് (1) ആർ. നാരായണപ്പണിക്കർ ഭാഷാസാഹിത്യചരിത്രത്തിൽ സ്ഥാപിക്കുന്നു,

## സി.കേശവൻ - ഒരു സമരനായകൻ

നെയ്ത്തും അൽപം വൈദ്യവും ഉണ്ടായിരുന്ന മയ്യനാട്ടെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് തിരു-കൊച്ചി മുഖ്യമന്ത്രിപദവിയിലേയ്ക്കുയർന്ന ഒരു ഈഴവ സമുദായാംഗമാണ് സി.കേശവൻ. 129 വർഷങ്ങൾക്ക് മുൻപ് (23/05/1891) ൽ തട്ടാന്റെ കിഴക്കേതിൽ വീട്ടിലാണ് സി.കേശവന്റെ ജനനം, സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിൽ കഴിഞ്ഞു വന്നവരാണ് സി.കേശവന്റെ കുടുംബം, തന്റെ കുട്ടിക്കാലത്തെ ജീവിതാവസ്ഥയെ സത്യസന്ധമായി സി.കേശവൻ രേഖപ്പെടുത്തുന്നു. 'പട്ടിണി പോക്കാൻ ഞാൻ പടവെട്ടി, പഠിച്ചു മാന്യനാകാൻ വേണ്ടുവോളം കഷ്ടപ്പെട്ടു. മാന്യമായ ഒരു ജീവിതത്തിന് പല കവാടങ്ങളിലും ഞാൻ കാത്തു കിടന്നു, സമുദായനീതിയെന്നും രാജനീതിയെന്നും മറ്റും പറഞ്ഞ് നിലവിലുണ്ടായിരുന്ന

അക്രമങ്ങളിൽ പലതിനോടും ഞാൻ സമരം ചെയ്തു. എന്റെ സമുദായത്തെപ്പോലെ സങ്കടപ്പെട്ട സകല സമുദായങ്ങളുടെയും, എന്റെ രാജ്യത്തിന്റെയും സർവ്വതോൻമുഖമായ ക്ഷേമത്തിനു വേണ്ടി ആത്മാർത്ഥമായി പൊരുതി. (2)

## വിദ്യാഭ്യാസനവോത്ഥാനം ഈഴവരിൽ

പത്തൊൻപതാം നൂറ്റാണ്ടിൽ തിരുവിതാംകൂറിൽ സ്ഥാപിക്കപ്പെട്ട സർക്കാർ സ്കൂളുകളിൽ വിദ്യാഭ്യാസത്തിനവസരം ലഭിച്ചത് സവർണവിഭാഗക്കാർക്ക് മാത്രമാണ്. അവർണരൊക്കെയും സ്വകാര്യസ്കൂളിലാണ് പഠിച്ചത്. മയ്യനാട് എൽ.എം.എസ് സ്വകാര്യസ്കൂളിലായിരുന്നു സി.കേശവന്റെ പ്രാഥമികവിദ്യാഭ്യാസം.

വിദ്യാഭ്യാസപരമായ ഒരുണർവ് സമുദായാടിസ്ഥാനത്തിൽ കേരളത്തിൽ ദൃശ്യമായ കാലമായിരുന്നു അത്. വിദ്യാഭ്യാസം കൊണ്ടു മാത്രമേ സമുദായാഭിവൃദ്ധി ഉണ്ടാവൂ എന്ന് ഡോ.പൽപ്പു ഉദ്ബോധിപ്പിച്ചു. പ്രാഥമിക വിദ്യാഭ്യാസം നേടാത്ത ഒരൊറ്റ ഈഴവൻ പോലും ഉണ്ടാവരുത് എന്നദ്ദേഹം നിർബന്ധം പിടിച്ചു. (3). അന്നത്തെ സാമൂഹികചട്ടക്കൂട് സവർണമേൽക്കോയ്മയെ അംഗീകരിച്ചിരുന്നതിനാൽ സവർണർക്കനുകൂലമായിരുന്നു നിയമങ്ങളും ചട്ടങ്ങളുമെല്ലാം. വിദ്യാഭ്യാസ, തൊഴിൽ അവസരങ്ങൾക്കായി ഈഴവർ നടത്തിയ അവകാശസമരങ്ങൾ 'ജീവിതസമര'ത്തിന്റെ വെളിച്ചത്തിൽ ഇവിടെ വിശകലനം ചെയ്യുന്നു.

## സംഘടിത മുന്നേറ്റങ്ങൾ

വിദ്യാഭ്യാസ, തൊഴിൽ അവസര നിഷേധങ്ങൾക്ക് പരിഹാരം തേടാനുള്ള ഈഴവരുടെ സംഘടിതശ്രമമായിരുന്നു ഈഴവ മെമ്മോറിയൽ. ഇത് സമുദായാംഗങ്ങൾക്കിടയിൽ സംഘടനാവാസനയും സാമുദായികൈക്യവും കുത്തിവയ്ക്കാൻ പര്യാപ്തമായി. (4)എന്ന് ജീവിതസമരകാരൻ വിലയിരുത്തുന്നു, സംഘടിതശക്തിയുടെ പിൻബലത്തിൽ ചെറിയ തോതിലെങ്കിലും ഈഴവർക്ക് സ്കൂൾ പ്രവേശനം ലഭിച്ചപ്പോൾ അഭ്യസ്തവിദ്യരായ സവർണർ പോലും അതിനെ എതിർക്കുകയാണുണ്ടായത്. തലമുറകളായി ബുദ്ധി കൃഷിചെയ്തു വന്നിട്ടുള്ള ജാതിക്കാരേയും നിലം കൃഷിചെയ്തു വന്ന ജാതിക്കാരേയും ബുദ്ധിക്കൃഷി കാര്യത്തിന് ഒന്നായി ചേർക്കുന്നത്, കുതിരയേയും പോത്തിനെയും ഒരേ നുകത്തിൽ കെട്ടുന്നതു പോലെയാണ് (5)എന്ന് സ്വദേശാഭിമാനി പരിഹസിച്ചു. ഈഴവർക്ക് കൊടുക്കണം, പള്ളിക്കൂടത്തിൽ പ്രവേശനമല്ല, -അടി (6) എന്ന് ഓലയിൽ കൃഷ്ണക്കുറുപ്പ്

എഴുതിയതായി എ.പി.ഉദയഭാനുവിന്റെ ആത്മകഥയിൽ കാണുന്നു. ക്ഷേത്രസാമീപ്യം, കുളസാമീപ്യം എന്നിങ്ങനെ നിരവധി അസംബന്ധന്യായങ്ങൾ സവർണർ ഉയർത്തിക്കാട്ടിയിരുന്നു.

സവർണാനുഭാവം ഇല്ലാത്ത ഒരു സാമൂഹികനിയമത്തിനും സർക്കാർ അംഗീകാരം കൊടുത്തിരുന്നില്ല. ഈഴവർ സർക്കാർസ്കൂളുകളെ അയിത്തമാക്കുന്നു എന്ന പരാതി പരിഹരിക്കാൻ ദിവാൻ ശങ്കരസുബ്ബയ്യർ കണ്ടു പിടിച്ച വഴി അവർക്ക് പഠിച്ചേ മതിയാകൂ എങ്കിൽ സ്വന്തം സ്കൂളുകൾ ഉണ്ടാക്കട്ടെ എന്നായിരുന്നു. ബുദ്ധിമാനായ ചാണക്യന്റെ കുറുക്കുവഴി (7) എന്ന് സി.കേശവൻ ഇതിനെ അപലപിക്കുന്നു.

1905 ലെ നായരീഴവ ലഹള പൊട്ടിപ്പുറപ്പെട്ട നാടാണ് ഹരിപ്പാട്. സി.വി.കുഞ്ഞുരാമന്റെ അസിസ്റ്റന്റായി വന്ന ഹരിപ്പാട്ടുകാരനായ കൃഷ്ണപിള്ളയെ സി.കേശവൻ പരാമർശിക്കുന്നു. ചൂരലെറിഞ്ഞായിരുന്നു ആ ഗുരുവിന്റെ അടി. ചൂരലിന്റെയോ വടിയുടെയോ ഒരറ്റം ഒരു കൈയിൽ മുറുകെപ്പിടിക്കുകയും കയ്യിലെ മസിലുകളുടെ ശക്തി ചൂരലിൽ കടത്തി മറ്റേ അറ്റംകൊണ്ട് ശിഷ്യരുടെ കൈപ്പത്തിയിലോ, ഭുജത്തോ, പൃഷ്ഠത്തോ ഊക്കായി സംഘട്ടനം നടത്തുകയുമായിരുന്നു അദ്ദേഹത്തിന്റെ രീതി. വടിവഴി പോലും ഈഴവന്റെ അശുദ്ധി തന്റെ മേൽ ബാധിക്കാതിരിക്കാൻ ആയിരുന്നു ഈ രീതി. (8) സി.കേശവൻ രണ്ടുവർഷക്കാലത്തോളം ഈ സംഘടനയുടെ സെക്രട്ടറിയായി പ്രവർത്തിച്ച് സാമുദായികാവകാശങ്ങൾക്ക് വേണ്ടി പോരാടി.

## സ്ത്രീവിദ്യാഭ്യാസം

ഉന്നത ജാതിയിൽപെട്ട പെൺകുട്ടികൾക്ക് മാത്രം ലഭിച്ചിരുന്ന വിദ്യാഭ്യാസ സൗകര്യങ്ങൾ ഈഴവ പെൺകുട്ടികൾക്ക് ലഭിക്കാതെ വന്നത് സമുദായ നേതൃത്വത്തെ വിഷമിപ്പിച്ചു. അന്തർജ്ജനങ്ങൾക്കും നായർ പെൺകുട്ടികൾക്കും തീണ്ടലുണ്ടാവാതിരിക്കാൻ അവർണ പെൺകുട്ടികളെ സ്കൂളുകളിൽ നിന്ന് അകറ്റി നിർത്താൻ മേൽജാതിക്കാർ വളരെ ശ്രദ്ധിച്ചു. സമുദായത്തിന്റെ സ്ത്രീവിദ്യാഭ്യാസത്തിൽ അനുകൂലതീരുമാനം ലഭിച്ചിരുന്നില്ല. സമുദായശക്തികൊണ്ട് സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഈഴവർ സമർപ്പിച്ചു വന്ന ഹർജികളിൽ പലതിനും അനുകൂല തീരുമാനമല്ല ലഭിച്ചിരുന്നത്. സാമൂഹിക നീതിയുടെ ഒരു ലാഞ്ചനപോലും അധികാരികളിൽ നിന്ന്

ഈഴവർക്ക് ലഭിച്ചിരുന്നില്ല എന്ന് സി.കേശവൻ വ്യസനിക്കുന്നു. ഡോ. മിച്ചലിന്റെ മാർഗ്ഗനിർദ്ദേശത്തിൽ ഉണ്ടാക്കിയ വിദ്യാഭ്യാസകോഡിൽ ജാതി നിമിത്തം ഒരു സ്കൂളിലും ആർക്കും പ്രവേശനം നിഷേധിക്കാൻ പാടില്ലെന്ന് അദ്ദേഹം എഴുതിച്ചേർത്തു.1911 ആയപ്പോഴേയ്ക്കും ഗവൺമെന്റ് 35 സർക്കാർ പള്ളിക്കൂടങ്ങൾ ഈഴവ പെൺകുട്ടികൾക്കായി തുറന്നു കൊടുത്തു. എങ്കിലും പ്രായോഗികമായി ഈഴവർക്ക് മുൻപിൽ സ്കൂളുകൾ അടഞ്ഞുതന്നെ കിടന്നു. വിദ്യാഭ്യാസത്തിനായി നടത്തിയ ഇത്തരം പോരാട്ടങ്ങളെ 'മായായുദ്ധങ്ങൾ' എന്നാണ് സി.കേശവൻ വിശേഷിപ്പിക്കുന്നത്. സമുദായ ശക്തി കൊണ്ട് ഇതിനെ സംഘടിതമായി ചോദ്യം ചെയ്യാൻ എസ്.എൻ.ഡി.പി. തീരുമാനിച്ചു. ഈഴവ കുട്ടികൾക്ക് പ്രവേശനം കൊടുത്തതും അല്ലാത്തതുമായ സ്കൂളുകളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണമെന്ന് എസ്.എൻ.ഡി.പി. ആവശ്യപ്പെട്ടത് ഇത്തരം സാഹചര്യ ങ്ങളിലാണ്. (9)

പെൺപള്ളിക്കൂടത്തിൽ അവിടുത്തെ 10 ദിവസത്തെ ഉത്സവകാലത്ത് മാത്രം ഈഴവ പെൺകുട്ടികൾക്ക് പ്രവേശനം നിഷേധിച്ചു കൊണ്ട് വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായപ്പോൾ' വകതിരിവുള്ള ഗവൺമെൻറ്' എന്ന് സി.കേശവൻ അഭിപ്രായപ്പെട്ടു.(10) ഈഴവർക്ക് പ്രവേശനം കൊടുക്കണമെന്ന് 1911 ൽ സർക്കാർ നിശ്ചയിച്ച സ്കൂളുകളുടെ ലിസ്റ്റിൽ പെടുന്നില്ല എന്ന കാരണം പറഞ്ഞ് അന്ന് കൊല്ലം സ്കൂളിൽ പഠിച്ചിരുന്ന ഒരു ഈഴവ പെൺകുട്ടിയെ പിരിച്ചുവിടാൻ നടന്ന പ്രക്ഷോഭത്തെയും സി.കേശവൻ പരാമർശിക്കുന്നു. ഒരു വലിയ പ്രക്ഷോഭണം തന്നെ നടന്നു. സാമൂഹികമായോ മാനുഷികമായോ യാതൊരു നീതിയും പാലിക്കാത്ത വിദ്യാഭ്യാസ സമ്പ്രദായങ്ങൾ ഈഴവരെയും അവർണരെ ഒട്ടാകെത്തന്നെയും സാമൂഹികോന്നതിയിൽ നിന്ന് അകറ്റി നിർത്തി.

സി.കേശവന്റെ ജന്മനാടായ മയ്യനാട്ടെ സ്ത്രീ വിദ്യാഭ്യാസം സംബന്ധിച്ച പുരാതന രേഖകൾ പരിശോധിച്ചാൽ ചുരുക്കം ചില സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിച്ചിരുന്നതായി കാണുന്നു. സി.വി.കുഞ്ഞുരാമന്റെ 'ഞാൻ' എന്ന ആത്മകഥയിൽ കൊല്ലവർഷം 960- 1060 കാലത്ത് ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ ഒരു വല്യമ്മാവിക്ക് നല്ല വിദ്യാഭ്യാസം ലഭിച്ചിരുന്നതായി സൂചനയുണ്ട്. അദ്ദേഹത്തെ അക്ഷരമാല പഠിപ്പിച്ച ഗുരുനാഥ 'കൊച്ചിക്കാവ് 'ഈഴവയായിരുന്നു. (11) ഇതിന് മുൻപുള്ള മയ്യനാട്ടെ സ്ത്രീകളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ല.

## മയ്യനാട്ടെ പ്രാഥമികവിദ്യാലയങ്ങൾ

സാമുദായികവും സാമ്പത്തികവുമായ പരാധീനതകൾ അനുഭവിച്ചായിരുന്നു സി.കേശവന്റെ ബാല്യകാല വിദ്യാഭ്യാസം. കഷ്ടപ്പാടുകളിലൂടെ കടന്നുപോയ തന്റെ വിദ്യാഭ്യാസകാലം സംബന്ധിച്ച ഒരു രൂപരേഖ അദ്ദേഹം ആത്മകഥയിലാവിഷ്കരിക്കുന്നുണ്ട്. ഞാൻ സ്കൂളിൽ കാലുകുത്തിയ ദിവസം ഇന്നലത്തെപ്പോലെ കാണുന്നുണ്ട്. കുട്ടികളെല്ലാം നിലത്തിരിക്കുകയാണ്. അക്കൂട്ടത്തിൽ ഒരു സൂര്യപടക്കുപ്പായവും ചെവി മറയുന്ന തൊപ്പിയുമിട്ട് ഒരു കുട്ടി കിഴക്കേ മതിൽ ചേർന്ന് അൽപ്പമൊന്ന് മാറിയിരുപ്പുണ്ട്. ഞാൻ ഒരു കൊച്ചു തോർത്ത് മുണ്ട് ഉടുത്തിട്ടുണ്ട്. അത്രതന്നെ. എനിക്ക് എന്നെപ്പറ്റി ലജ്ജ തോന്നി. (12) സാമ്പത്തിക അസ്വാതന്ത്ര്യം ആദ്യ ദിവസം തന്നെ സി.കേശവനെ സ്പർശിച്ചു. ജാതീയ അസ്വാതന്ത്ര്യം പിന്നാലെയും.

അമ്മ നെയ്ത്, അച്ഛൻ തുപ്പട്ടി മടക്കി ഉണ്ടാക്കിയ നെയ്ത്തുമുണ്ട് അച്ഛൻ തന്നെ ചുമന്നുകൊണ്ടി പോയി വിറ്റ് സ്ലേറ്റ് വാങ്ങിത്തന്നതും സ്ലേറ്റുകിട്ടിയ ദിവസം രാജകുമാരനെപ്പോലെ സ്കൂളിൽ പോയതും പാട്ടുകാരനായും നാടകക്കാരനായും സ്കൂളിൽ അറിയപ്പെട്ടതും തളത്തിൽ പുന്നയ്ക്കയെണ്ണയൊഴിച്ച് ഒറ്റത്തിരി കത്തിച്ച തൂക്കുവിളക്കിൻ കീഴിലിരുന്നു പഠിച്ചതും അക്ഷരംപ്രതി വിവരിക്കുന്നുണ്ട് ഈ സമര നായകൻ.

വെള്ളമണലിലെ മൂന്നു ക്ലാസും ജയിച്ചു കഴിഞ്ഞപ്പോൾ ഇംഗ്ലീഷ് സ്കൂളിലയയ്ക്കണമെന്ന അമ്മയുടെ ആഗ്രഹപ്രകാരമാണ് മൂന്നു കിലോമീറ്ററോളം അകലെയുള്ള കാക്കോട്ടുമൂല സ്കൂളിൽ അദ്ദേഹത്തെ ചേർത്തത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് വളരെ ആഭിമുഖ്യം പുലർത്തിയിരുന്ന ഒരു തലമുറ മയ്യനാട്ട് ഉണ്ടായിരുന്നു. കാക്കോട്ടുമൂല ഇംഗ്ലീഷ്സ്കൂളാണ് മയ്യനാട്ടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് വലിയ പ്രചോദനം നൽകിയത്. 1872 ൽ കാക്കോട്ടുമൂലയിൽ സ്ഥാപിതമായ എൽ.പി.ബി.എസ്.കാക്കോട്ടുമൂല മയ്യനാട്ടെ ആദ്യ ഗവൺമെന്റ് എൽ.പി. എസ്. ആണ്.

മയ്യനാട്ടെ സാമൂഹ്യ വിദ്യാഭ്യാസ രംഗങ്ങളിൽ അക്കാലത്തും ശ്രദ്ധ പതിപ്പിച്ചിരുന്ന ക്രൈസ്തവ പുരോഹിതരെപ്പറ്റി ‘ജീവിതസമര’ത്തിൽ ’സി.കേശവൻ’ സൂചിപ്പിക്കുന്നുണ്ട്. കാക്കോട്ടുമൂല സ്കൂളിലെ പ്രഥമ ഹെഡ്മാസ്റ്റർ ആയിരുന്ന

[illegible] സാഹിത്യവും അതേപ്പറ്റിയുള്ള [illegible] [illegible] സി.കേശവൻ [illegible] മയ്യനാട്ടു നിന്ന് ആദ്യം [illegible] ഈ [illegible] സി.കേശവന്റെ മൂത്ത [illegible] വീട്ടിലെത്തിയിരുന്നു

മയ്യനാട് വിദ്യാവിലാസിനി സഭയുടെ ആഭിമുഖ്യത്തിൽ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സി.വി.കുഞ്ഞുരാമൻ വിളിച്ചുകൂട്ടിയ ആലോചനാ യോഗത്തിൽ എം.എൻ.പരമുപിള്ള ചെയ്ത പ്രസംഗമാണ് അന്ന് വിധിയെ (13) മാറ്റിത്തിരിച്ചതെന്ന് സി.കേശവൻ ആത്മകഥനം ചെയ്യുന്നു. നിർധനകുട്ടികളെ പകുതി ഫീസ് സൗജന്യം അനുവദിച്ച് ഹൈസ്കൂളിലേയ്ക്ക് സ്വാഗതം ചെയ്തതു വഴി പരമുപിള്ള ഈഴവ സമുദായത്തിന്റെയാകെ അഭിനന്ദനത്തിന് പാത്രമായി. കൊല്ലം സ്കൂളിൽ ജാതിപ്പിശാചിന്റെ വിളയാട്ടം കുടി വെള്ളത്തിൽ പോലും വ്യാപിച്ചിരുന്നുവത്രെ. ഹെഡ്മാസ്റ്ററായിരുന്ന പരമുപിള്ളയ്ക്ക് വെറ്റില, പുകയില, എടുത്തു കൊടുക്കാൻ നിയോഗിക്കപ്പെട്ടിരുന്ന വെങ്കാച്ചൻ എന്ന കുട്ടിപ്പട്ടർക്ക് വാട്ടർഷെഡ്ഡിന്റെ 'സർവാധിപത്യം'കൂടിയുണ്ടായിരുന്നു. ഈഴവകുട്ടികളെ വരാന്തയിൽ നിർത്തി ജലം ഒഴിച്ചു കൊടുക്കുകയും പട്ടർകുട്ടികൾ സ്വമേധയാ കോരി കുടിക്കുകയുമായിരുന്നു പതിവ്.(14)

കൊല്ലം ഹൈസ്കൂളിലെ കാർഷിക പരിശീലനം അധ്വാനത്തിന്റെ മഹത്വം പകർന്നു തന്നതായി സി.കേശവൻ വിലയിരുത്തുന്നു. ബുക്കർ ടി. വാഷിംഗ്ടണിന്റെ 'ടസ്കീജി' വിദ്യാലയ മാതൃകയിലുള്ള ഈ കൃഷിപ്പണി, നെയ്ത്തുവേലയിൽകൂടി പകുതിഫീസുകാർക്ക് പരാശ്രയത്തിന്റേതായ ഒരു അപകർഷതാബോധം ഉണ്ടാവാതി രിക്കാൻ ഉപകരിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസ കാലത്ത് ഫീസും വീട്ടിലെ ചോറും ഒഴികെ ബാക്കിയാവശ്യങ്ങൾക്കെല്ലാം നെയ്ത്തു വേലയിൽ കൂടി സ്വന്തമായി പണം കണ്ടെത്തിയാണ് സി.കേശവൻ പഠിച്ചത്. സിംഹളസന്തതികളായ ഈഴവർ ഒരു കാലത്ത് പ്രസിദ്ധനെയ്ത്തുകാരായിരുന്നു.

1917 ൽ ശ്രീനാരായണ ഗുരുസ്വാമികൾ സമുദായത്തിന്റെ വിദ്യാഭ്യാസ ഉന്നമനം ക്ഷേത്ര നിർമാണത്തെക്കാൾ പ്രധാനമാണെന്ന് ഒരു സന്ദേശത്തിൽ സൂചിപ്പിച്ചു. 'ഇനി ക്ഷേത്രനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കരുതെന്നും പ്രധാന ദേവാലയം വിദ്യാലയമാ യിരിക്കണമെന്നും പണം പിരിച്ച് പള്ളിക്കൂടങ്ങൾ നിർമ്മിക്കണമെന്നും അദ്ദേഹം ഈഴവരോടാവശ്യപ്പെട്ടു.(15) മയ്യനാട് ശാസ്താംകോവിൽ നിലനിന്നിരുന്ന വളപ്പിൽ

കിഴക്കെയറ്റത്ത് ഒരു ഭഗവതീക്ഷേത്രമുണ്ടായിരുന്നിടത്താണ് മയ്യനാട് ഇംഗ്ലീഷ് സ്കൂൾ (ഇപ്പോൾ പണയിൽ മുക്ക് താന്നി റോഡിന്റെ വടക്കുവശത്തായി സ്ഥിതി ചെയ്യുന്ന മയ്യനാട് ഹയർ സെക്കൻഡറി സ്കൂൾ.) ആദ്യം നിന്നത്. ഭഗവതീ ക്ഷേത്രങ്ങളെല്ലാം ഇങ്ങനെ സരസ്വതീമഠങ്ങളായിത്തീർന്നുവെങ്കിൽ എന്നായിരുന്നു സി.കേശവന്റെ ആഗ്രഹം. മയ്യനാട് ശാസ്താംകോവിൽ സ്കൂൾ പണിയാൻ അവിടെ നിന്ന ആല് വെട്ടാൻ ചിലർ തടസ്സം നിന്നു. അപ്പോൾ 'കാക്കക്കൊഷ്ഠത്തിൽ നിന്ന് കുരുത്ത ആലിനെയാണോ വിദ്യയെയാണോ പൂജിക്കേണ്ടത് എന്നാണ് സി.കേശവൻ ചോദിച്ചത്. അദ്ദേഹം നേതൃത്വം കൊടുത്ത് ആല് വെട്ടിക്കുകയും ചെയ്തു.

## ഉന്നത വിദ്യാഭ്യാസ ക്ലേശങ്ങൾ

എങ്ങനെയെങ്കിലും ഉന്നത വിദ്യാഭ്യാസം നേടുക അക്കാലത്തെ ഉൽപതിഷ്ണുക്കളായ ഈഴവ യുവാക്കളുടെയെല്ലാം സ്വപ്നമായിരുന്നു. കുടുംബത്തിന്റെ ധനസ്ഥിതി മോശമായിരുന്നതിനാൽ തനിക്ക് ഉന്നത വിദ്യാഭ്യാസത്തിന് നേരിട്ട തടസം സി.കേശവൻ സൂചിപ്പിക്കുന്നുണ്ട്. 'ഒന്നും ഇല്ലിവിടെ, എങ്കിലും നീ പോകൂ' എന്നാണ് ജ്യേഷ്ഠസഹോദരൻ ഉപദേശിച്ചത്. കാണിച്ചേരി പള്ളിക്കൂടത്തിലെ പാണൻ വിളാകത്ത് വാധ്യാർ തന്റെ 13 രൂപയുടെ ബിൽ ക്യാഷ് ചെയ്ത് കോളേജിൽ പോകാൻ സഹായം നൽകിയത് വളരെ കൃതജ്ഞതാപൂർവം സി.കേശവൻ അനുസ്മരിക്കുന്നുണ്ട്. പിൽക്കാലത്ത് ലഭിച്ച വലിയ സഹായങ്ങളെക്കാൾ ആ പാവപ്പെട്ട ഗ്രാന്റ് സ്കൂൾ അധ്യാപകന്റെ മുമ്പിൽ താൻ നമ്രശിരസ്കനാവുന്നു.' (16) എന്ന് അദ്ദേഹം എഴുതി. ഊഷ്മളമായ കുടുംബബന്ധങ്ങളും ഗുരുശിഷ്യബന്ധങ്ങളും അതിദുർലഭമായി വരുന്ന ഈ കാലത്ത് പുതുതലമുറയ്ക്കുള്ള ഗുണപാഠകഥകൾ കൂടിയാണിവ.

ബ്രാഹ്മണ വിദ്യാർത്ഥികൾക്ക് അസൗകര്യങ്ങളുണ്ടാകുമെന്ന മുൻവിധിയിൽ ഈഴവവിദ്യാർത്ഥികൾ അനുഭവിച്ചിരുന്ന കഷ്ടപ്പാടുകൾക്ക് കണക്കില്ല. ജാതി മഹിമയുടെ മേന്മ നടിച്ച് അവർണസഹപാഠികളെ ഏതു തരത്തിലും അവഗണിക്കുവാനും അപമാനിക്കുവാനും ബ്രാഹ്മണവിദ്യാർത്ഥികളും വിദ്യാഭ്യാസാധി കാരികളും മടിച്ചില്ല. അധികാരികളുടെ മൗനാനുവാദത്തോടെ മേൽജാതിക്കാർ നടത്തിയിരുന്ന അവകാശവാദങ്ങൾ ഈഴവ വിദ്യാർത്ഥികളുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്നവ തന്നെയായിരുന്നു. അഭിനേതാവായും നാടകസംഘാടകനായും ഒക്കെ സി.കേശവൻ കോളേജിൽ വ്യാപരിച്ചെങ്കിലും ജാതി ഉണ്ടാക്കിയ പ്രശ്നങ്ങൾ

ചെറുതല്ലായിരുന്നു.(17)ഗവൺമെന്റ് ഹോസ്റ്റൽ അന്ന് ഒരു 'സവർണ്ണക്കോട്ട' തന്നെയായിരുന്നു. അവിടെ സഹപാഠികളെ കാണാൻ ഈഴവകുട്ടികൾ പോകുന്നത് ചില എതിർപ്പുകൾ സൃഷ്ടിച്ചു. പ്രിൻസിപ്പൽ ഗ്ലിൻ ബാർലോ സായിപ്പ് 'പഞ്ചവിംശതി ദണ്ഡാന്തപ്രമാണം ഉദ്ധരിച്ച് ഈഴവന്റെ അശുദ്ധം സ്ഥാപിക്കാനാണ് ശ്രമിച്ചത്. പ്രിൻസിപ്പാളിനെയും അദ്ദേഹത്തെ തുണയ്ക്കുന്ന കൊച്ചി രാജകുടുംബത്തെയും വിമർശിച്ചു കൊണ്ട് സി.കേശവന്റെ സഹപാഠിയായ രഘുനാഥ റാവു ഇംഗ്ലീഷ് പത്രമായ 'കൊച്ചി ആർഗസി 'ൽ തീപ്പൊരി ചിതറുന്ന ലേഖനങ്ങളെഴുതി. മലയാള പത്രങ്ങളും വെറുതെയിരുന്നില്ല. അവസാനം കൊട്ടാരത്തിലെ രഹസ്യ നിർദ്ദേശപ്രകാരം പ്രിൻസിപ്പാളിന് നിലപാട് മാറ്റേണ്ടി വന്നു. (18) വിദ്യാഭ്യാസ കാലത്ത് അനുഭവിക്കേണ്ടി വന്ന ഇത്തരം കഠിന പരീക്ഷണങ്ങളാണ് പിൽക്കാലത്ത് ജാതീയ അസമത്വങ്ങളുടെ മുൻനിരപ്പോരാളിയായി സി.കേശവനെ മാറ്റിയത്.

ജാതീയ അസമത്വങ്ങൾ സമൂഹത്തിന്റെ ഓളപ്പരപ്പിൽ മാത്രം ഒതുങ്ങുന്നുവെന്നും ആഴങ്ങളിലേയ്ക്ക് ചെല്ലുമ്പോൾ, സമത്വഭാവം ദർശിക്കാൻ കഴിയുമെന്നും സി.കേശവന്റെ ശ്വശുരൻ സി.വി.കുഞ്ഞുരാമൻ വിശ്വസിച്ചു. വിവാഹ നിശ്ചയം കഴിഞ്ഞ് ബി.എ. പഠനത്തിന് പോവാൻ സി.കേശവന് തുണയായത് ശ്വശുരന്റെ ഈ ഉപദേശമാണ്.

ഉന്നതവിദ്യാഭ്യാസത്തിനായി തിരുവനന്തപുരത്തെത്തുന്ന ഈഴവ വിദ്യാർത്ഥികളെ കാത്തിരുന്ന ദുരിതങ്ങൾ വളരെയായിരുന്നു. കോളേജ് ഹോസ്റ്റൽ സവർണക്കോട്ട തന്നെയായിരുന്നു. ഒരേ ക്ലാസ്സിൽ ഒരുമിച്ച് വർഷങ്ങൾ പഠിച്ച വിദ്യാർത്ഥികൾ യാത്രയയപ്പു സമ്മേളനങ്ങൾ നടത്തുന്നതു പോലും ജാതി നടപ്പ് അനുസരിച്ചായിരുന്നു. 'ബ്രാഹ്മണർ ഒരു മൂലയിൽ, ഈഴവർ മറ്റൊരു മൂലയിൽ, നായർ കുട്ടികൾ വേറൊരിടത്ത് - ഇത്തരം സമ്മേളനങ്ങൾക്ക് ആദ്യമായി ഒരു മാറ്റം പ്രാവർത്തികമാക്കിയത് സി.കേശവനായിരുന്നു. ഒന്നിച്ചുള്ള കാപ്പിക്ക് പ്രൊഫ. കൃഷ്ണസ്വാമി അയ്യർ സമ്മതം മൂളാത്ത പക്ഷം താൻ കാപ്പിപ്പാത്രം ചരിച്ചുകളയുമെന്ന് തറപ്പിച്ചു പറഞ്ഞപ്പോഴാണ് പ്രൊഫസർ അനുവാദം തന്നതെന്ന് സി.കേശവൻ എഴുതിയിട്ടുണ്ട്. (19) അന്യായങ്ങൾക്കെതിരെ മുഖം നോക്കാതെ ശബ്ദമുയർത്താനുള്ള തന്റേടമാണ് സി.കേശവനെ ഒരു സമര നായകനാക്കി മാറ്റിയതും.

## ഈഴവരുടെ ഉദ്യോഗപ്രാപ്തി

തിരുവിതാംകൂറിലെ ഏറ്റവും വലിയ തൊഴിൽ ശാലയായിരുന്ന ഗവൺമെന്റ് സർവീസിൽ നിന്ന് അവർണ അഭ്യസ്തവിദ്യരെ മുഴുവൻ ജാതീയ അസമത്വങ്ങളുടെ പേരുപറഞ്ഞ് അകറ്റി നിർത്തിയിരുന്നു. വിദ്യാഭ്യാസ രംഗത്തെ അസ്വാതന്ത്ര്യങ്ങൾ അന്യ തൊഴിൽ മേഖലകളിലും അവർണ ഉദ്യോഗാർത്ഥികളെ കാത്തിരുന്നു. മേലധികാരികൾ വല്ലപ്പോഴും ഓരോ ഈഴവരെ നിയമിച്ച് പേരുദോഷം തീർക്കാൻ ശ്രമിച്ചു വന്നു.

നിയമനിരോധനത്തിന് ഇരകളായിരുന്ന ഈഴവരുടെ ദുഃഖം സി.കേശവനുൾപ്പെടെയുള്ളവരുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്തു. ഈ രാജ്യത്ത് ആദ്യം ബി.എ.പാസായ നായർക്ക് സർക്കാരാഭിമുഖ്യത്തിൽ സ്വീകരണവും നല്ല ഉദ്യോഗവും കൊടുത്തപ്പോൾ 1882 ൽ ബി.എ. പാസായ ഈഴവനോട് ഉദ്യോഗം കിട്ടാൻ ക്രിസ്ത്യാനി ആയിക്കൂടേ എന്ന് മഹാരാജാവ് ചോദിച്ചതായി സി.കേശവൻ രോഷം കൊള്ളുന്നു.

ഗവൺമെന്റ് സർവീസിൽ ഈഴവർക്കുള്ള അവശതകൾ' എന്ന വിഷയത്തെപ്പറ്റി നിയമസഭയിൽ ഈഴവ പ്രതിനിധിയായി ടി.കെ.മാധവൻ സംസാരിച്ചപ്പോൾ നടന്ന ഒരു സംഭവം ശ്രദ്ധേയമാണ്. മാധവൻ സംസാരിക്കാൻ എഴുന്നേറ്റ ഉടൻ സർവാംഗവും ഭസ്മം ധരിച്ച് കസേരയിൽ ചമ്മണപ്പൂട്ടിട്ട് ഇരുന്നിരുന്ന ഒരു നമ്പൂതിരി തിരുമനസ്സ് ഉടൻ ഏഴുന്നേറ്റു മാറിക്കളഞ്ഞു (20) സവർണ മേധാവിത്വത്തിന്റെ ബീഭത്സരൂപമാണ് ഇവിടെ വ്യക്തമാകുന്നത്.' തിരുവനന്തപുരത്ത് ഈഴവ ഗുമസ്തൻ വലിച്ച പങ്കയിലെ കാറ്റ് ബ്രാഹ്മണ ആഫീസർക്ക് അശുദ്ധി ഉണ്ടാക്കിയ പ്രശ്നവും വലിയ ഒച്ചപ്പാടിന് കാരണമായി (21) .

പാവനമായ ഗുരുശിഷ്യബന്ധങ്ങളിൽ പോലും ജാതി വിള്ളലുകൾ വീഴ്ത്തിയിരുന്ന ദുരവസ്ഥയും അന്നുണ്ടായിരുന്നു. മേൽജാതി കുട്ടികളിൽ നിന്ന് അപമാനം സഹിക്കേണ്ടി വന്നിരുന്ന അവർണഅധ്യാപകരുടെ അവസ്ഥ വ്യക്ത്യഭിമാനത്തേയും ജാത്യഭിമാനത്തെയും ചോദ്യം ചെയ്തു, അധ്യാപകജോലിയിൽ നിയമിക്കപ്പെടുന്ന വിദ്യാസമ്പന്നരായ ഈഴവർ മേൽജാതി ശിഷ്യരുടെ ജാതിഭള്ള് സഹിക്കവെയ്യാതെ സ്വയം ജോലിയിൽ നിന്ന് വിടുതൽ നേടുന്ന സാഹചര്യവും നിലവിലിരുന്നു. സി.വി.കുഞ്ഞുരാമൻ 'സ്വർഗ്ഗത്തിലെ സേവകനായിരിക്കുന്നതിനെക്കാൾ നരകത്തിലെ രാജാവായിരിക്കുന്നതാണ് ഉത്തമമെന്ന് കരുതി ആ ജോലി

അദ്ദേഹത്തിന്റെ കൂടി താത്പര്യവും സഹായവും ജീവിതസമരത്തിന്റെ രചനയ്ക്ക് പിന്നിലുണ്ട്. കെ.എ.ദാമോദരൻ കൂടി ഇടപെട്ടാണ് സമുദായത്തിന്റെ വിദ്യാഭ്യാസ, തൊഴിൽ അവകാശസമരങ്ങളുമായി ബന്ധപ്പെട്ട രേഖകൾ സെക്രട്ടറിയറ്റിൽ നിന്ന് അദ്ദേഹം ശേഖരിച്ചത് .സമുദായത്തിന്റെ അവശതകൾ സംബന്ധിച്ച വിവരങ്ങൾ പരമാവധി പഠിച്ചിട്ടാണ് ഈ ആത്മകഥയ്ക്ക് രൂപം നൽകിയത്. അതു കൊണ്ടു തന്നെ സി.കേശവൻ എന്ന രാഷ്ട്രീയക്കാരനെയോ തിരു-കൊച്ചി മുഖ്യമന്ത്രിയെയോ പഠിക്കാൻ ജീവിതസമരം 'ഉപകരിക്കുകയില്ല. മറിച്ച് ഈഴവ സമുദായത്തെ സംബന്ധിച്ച് ഒരു ചരിത്രരേഖ തന്നെയാണു താനും.

ജാതിവ്യവസ്ഥയും തദ്വാരാ സംഭവിച്ച അരക്ഷിതാവസ്ഥയും ഏറെക്കുറെ നിർമ്മാർജ്ജനം ചെയ്യാൻ കേരളീയർക്ക് കഴിഞ്ഞിരിക്കുന്നു. എന്നിരുന്നാലും നാടിന്റെ സാമൂഹിക സാമ്പത്തിക നിയമവ്യവസ്ഥകളുടെ മാനം എക്കാലവും പുനർനിർമ്മാണങ്ങൾക്ക് വിധേയമാവുന്നു എന്നതിനാൽ ഇത്തരം ചരിത്രവിചിന്തനങ്ങൾ എക്കാലവും പ്രസക്തമാണ്.

### കുറിപ്പുകൾ.

1. ആർ.നാരായണപ്പണിക്കർ 'ഭാഷാസാഹിത്യ ചരിത്രം' പുറം 218.
2. സി.കേശവൻ. 'ജീവിതസമരം' പുറം 19
3. ഡോ.പൽപ്പുവിന്റെ പ്രസംഗം.'വിവേകോദയം മാസിക' 1080 മകരം.
4. സി.കേശവൻ. 'ജീവിതസമരം 'പുറം 113.
5. കെ. രാമകൃഷ്ണപിള്ള. 'വിദ്യാഭ്യാസക്കുഴപ്പം' 'സ്വദേശാഭിമാനി. 2. കക. 1953.
5. എ.പി.ഉദയഭാനു ' എന്റെ കഥയില്ലായ്മകൾ' പുറം 219.
6. സി.കേശവൻ 'ജീവിതസമരം ' പുറം 219
7. സി.കേശവൻ ' ജീവിതസമരം' പുറം 62
8. പി.എസ്.വേലായുധൻ. 'എസ്.എൻ.ഡി.പി.യോഗചരിത്രം.' 1978. അനുബന്ധം 16.
9. സി.കേശവൻ. 'ജീവിതസമരം' പുറം 117.
10. സി.വി.കുഞ്ഞുരാമൻ. 'ഞാൻ' (ആത്മകഥ ) പുറം 27.
11. സി.കേശവൻ. 'ജീവിതസമരം' പുറം 36.
12. ടി.പുറം 120.
13. പി.കെ.ഗോപാലകൃഷ്ണൻ. 'കേരളത്തിന്റെ സാംസ്കാരിക ചരിത്രം ' പുറം 532.

14. മധ്യനാട് എൽ.ആർ.സി.ലൈബ്രറി പ്രവർത്തകൻ മോഹൻദാസ് സാർ നൽകിയ വിവരം.
15. സി.കേശവൻ. 'ജീവിതസമരം' പുറം 139.
16. http://www/Keralaworld.com/contents/History/per profiles/keshavanc.asp.
17. സി.കേശവൻ. 'ജീവിതസമരം' പുറം 180
18. ടി. പുറം 182.
19. പി.കെ.മാധവൻ. ' റ്റി.കെ.മാധവന്റെ ജീവചരിത്രം' പുറം 37.
20. കേരള ദാസൻ ദിനപ്പത്രം.13/12/1924.


## ഗ്രന്ഥസൂചി.

1. ഉദയഭാനു എ.പി. ' എന്റെ കഥയില്ലായ്മകൾ ' ഡി.സി.ബുക്സ്. 1991
2. കുഞ്ഞുരാമൻ സി.വി. 'ഞാൻ' (ആത്മകഥ) കൗമുദി പബ്ലിക്കേഷൻസ് .തിരുവനന്തപുരം.2004
3. കേശവൻ സി. 'ജീവിത സമരം ' ഡി.സി. ബുക്സ്, കോട്ടയം.2004
4. ഗോപാലകൃഷ്ണൻ പി.കെ. 'കേരളത്തിന്റെ സാംസ്കാരിക ചരിത്രം' കേരള ഭാഷാ
   ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 2008.
5. മാധവൻ പി.കെ.' റ്റി.കെ.മാധവന്റെ ജീവചരിത്രം.' ഒന്നാം പതിപ്പ്. ഡി.സി. ബുക്സ് 1936.

## ദിനപ്പത്രങ്ങൾ

1. കേരള ദാസൻ പത്രം.13/12/1924
2. സ്വദേശാഭിമാനി പത്രം.02/03/1890

## ആനുകാലികങ്ങൾ

1. വിവേകോദയം മാസിക.സി. കൃഷ്ണൻ ജന്മശതാബ്ദി സപ്ലിമെൻറ്. 1967.